# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1564**      **05.12.14- ൽ മറുപടി നൽ കേണ്ടത്.**

**കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ & ഡവലപ് മെൻറ്) നിയമം**

| | ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ബഹു. നഗരകാര്യവും<br>ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
|---|---|---|---|
| (എ)<br><br><br><br><br><br>(ബി) | കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ & ഡവലപ് മെൻറ്) നിയമത്തിൻെറ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;<br><br><br><br>ഇതിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ)<br><br>&<br><br>(ബി) | കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ & ഡവലപ് മെൻറ്) ബിൽ നിയമമായിട്ടില്ല. സമീപകാലത്ത് ഫ്ലാറ്റ് നിർമ്മാണ രംഗത്ത് ഉടലെടുത്ത വിവാദങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഈ രംഗത്തെ തട്ടിപ്പും വെട്ടിപ്പും നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കളുടെ താത്പര്യം സംരക്ഷിക്കുന്നതിനും ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനും ധനവിനിയോഗം നിയന്ത്രിക്കുന്നതിനുമായി ഒരു സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് അതോറിറ്റിയ്ക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുള്ളതായി ബഹു. മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. ക്വാസി ജുഡീഷ്യൽ അധികാരത്തോടു കൂടിയുള്ളതും കക്ഷികളും കെട്ടിട നിർമ്മാതാക്കളും തമ്മിലുള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പര്യാപ്തവുമായ അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ. |

Rajeev

**സെക്ഷൻ ഓഫീസർ**